# ആത്മീയ തട്ടിപ്പ് അവസാനിപ്പിക്കാന്‍ സോളിഡാരിറ്റിയുടെ താക്കീത്

'തിരുകേശം: ആത്മീയ തട്ടിപ്പ് അവസാനിപ്പിക്കുക' എന്ന് ആവശ്യപ്പെട്ട് സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ് 2011 മെയ് 26-ന് കോഴിക്കോട്ട് സംഘടിപ്പിച്ച പൊതുസമ്മേളനം മതത്തെ കച്ചവടവത്കരിക്കുന്നവര്‍ക്കുള്ള കടുത്ത താക്കീതായി. അടിസ്ഥാനമില്ലാത്ത മുടിയെ പ്രവാചകന്റെ പേരിനോട് ചേര്‍ക്കുന്നത് പ്രവാചക നിന്ദയാണെന്ന് സമ്മേളനം പ്രഖ്യാപിച്ചു. പൗരോഹിത്യ മതത്തോട് പ്രവാചക മതത്തിന്റെ ചരിത്രപരമായ കലഹത്തിന്റെ തുടര്‍ച്ചയാണിതെന്നും സമ്മേളനം വിളിച്ചോതി.

ജമാഅത്തെ ഇസ്‌ലാമി അസി. അമീര്‍ ശൈഖ് മുഹമ്മദ് കാരകുന്ന് ഉദ്ഘാടനം ചെയ്തു. മുടിയുടെ പരമ്പര വെളിപ്പെടുത്താതെ കുപ്രചാരണങ്ങളുമായി മതത്തെ കച്ചവടവത്കരിക്കാനുള്ള ശ്രമത്തോട് സഹകരിക്കുന്നത് പ്രവാചക നിന്ദയില്‍ പങ്കാളികളാകുന്നതിന് തുല്യമാണെന്നും ഇത്തരം അന്ധവിശ്വാസങ്ങള്‍ക്ക് ജാതിയും മതവുമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിശ്വസനീയമായ സനദ് അബൂദബയില്‍ നിന്ന് ഫാക്സില്‍ ലഭ്യമാക്കാമെന്നിരിക്കെ ആവശ്യക്കാര്‍ അബൂദബയിലേക്ക് പോകണമെന്ന വാദം അസംബന്ധമാണ്. മുടിക്ക് ജീവനുണ്ടെന്ന വാദം ഖുര്‍ആന് വിരുദ്ധമാണ്. മുടിയുടെ കാലഗണനയും സ്വഭാവവും മനസ്സിലാക്കാന്‍ ശാസ്ത്രീയമായ മാര്‍ഗമുണ്ടെന്നിരിക്കെ ഇതിനൊന്നും തയാറാകാതെ സൈറ്റിലുണ്ടായിരുന്ന മുടിക്കെട്ട് പിന്‍വലിച്ചതെന്തിനാണെന്നും ശൈഖ് മുഹമ്മദ് കാരകുന്ന് ചോദിച്ചു. കഴിഞ്ഞ 14 നൂറ്റാണ്ടിനിടെ പ്രവാചകന്റെ പേരില്‍ പള്ളികളോ സ്മാരകങ്ങളോ ലോകത്ത് ഉണ്ടായിട്ടില്ല. മഹത്തായ ഈ പാരമ്പര്യം ക്രൂരമായി ലംഘിക്കപ്പെടുകയാണിവിടെ.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുര്‍റഹ്മാന്‍ അധ്യക്ഷത വഹിച്ചു. ലോട്ടറി, വനം, പെണ്‍വാണിഭം മാഫിയകളെ പോലെ



ആത്മീയ തട്ടിപ്പിനെതിരെ സോളിഡാരിറ്റി കോഴിക്കോട്ട് സംഘടിപ്പിച്ച പൊതുസമ്മേളനം ശൈഖ് മുഹമ്മദ് കാരകുന്ന് ഉദ്ഘാടനം ചെയ്യുന്നു

ആത്മീയമാഫിയയും ഇന്ന് സമൂഹത്തില്‍ ഏറെ സജീവമാണെന്നദ്ദേഹം പ്രസ്താവിച്ചു. മതത്തിന്റെ പേരിലാണെങ്കില്‍ ഒന്നും നിരൂപണം ചെയ്യപ്പെടാന്‍ പാടില്ലെന്നത് അപകടകരമാണ്. നിരൂപണം ചെയ്യുന്നവര്‍ക്ക് വധഭീഷണിയാണ് സമ്മാനം. സനദ് ചോദിക്കുമ്പോള്‍ 80 കോടിയുടെ പള്ളി നിര്‍മിച്ചോളൂ എന്ന ഉപദേശവും. ഇതൊന്നും പ്രവാചകന്മാരുടെ അനന്തരാവകാശികളായ പണ്ഡിതന്മാര്‍ക്ക് ചേര്‍ന്നതല്ല. ഈ ആത്മീയ കൊള്ളയുടെ പങ്കുപറ്റുകാരായി മീഡിയ അധഃപതിക്കാന്‍ പാടില്ലെന്നും അദ്ദേഹം തുടര്‍ന്നു. പൗരോഹിത്യ കച്ചവടത്തിനെതിരെ രാഷ്ട്രീയ സാംസ്കാരിക നായകര്‍ നിലപാട് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

തിരുകേശപ്പള്ളി പ്രബുദ്ധ കേരളത്തിന് അപമാനമാണെന്ന് തുടര്‍ന്ന് സംസാരിച്ച എഴുത്തുകാരന്‍ എ.പി കുഞ്ഞാമു പറഞ്ഞു. മുടി പ്രവാചകന്റേതാണെങ്കില്‍ തന്നെ ഇതുമായി ബന്ധപ്പെട്ട പള്ളിയും സമുച്ചയവും റിയല്‍ എസ്റ്റേറ്റ് കച്ചവടവും നടത്താമോ എന്നതാണ് പ്രശ്നം - അദ്ദേഹം പറഞ്ഞു.

കേശം നബിയുടേതാണെന്ന് തെളിയിച്ചാല്‍ തങ്ങള്‍ കൂടെ വരാമെന്ന തരത്തില്‍ ഈ വിഷയം കൈകാര്യം ചെയ്യരുതെന്നും 1920-കളില്‍ തുടക്കമിട്ട ഇസ്‌ലാമിക നവോത്ഥാനത്തിന് പാളിച്ച സംഭവിക്കുന്നതായി തോന്നുന്നുവെന്നും എഴുത്തുകാരനും ചിന്തകനുമായ ഡോ. പി.എ അബൂബക്കര്‍ അഭിപ്രായപ്പെട്ടു. ഇടക്കാലത്ത് മുജാഹിദുകളില്‍ നിന്നുയര്‍ന്ന ജിന്ന്ബാധ വാദവും ഈ സംശയത്തെ ബലപ്പെടുത്തുന്നതാണ്. പൗരോഹിത്യത്തിന് ആദര്‍ശമില്ല. അവര്‍ക്ക് കച്ചവടമാണ് മുഖ്യം. നേരത്തെ ഇംഗ്ലീഷ് നരക ഭാഷയായിരുന്നു അവര്‍ക്ക്. എന്നാല്‍ ജനങ്ങള്‍ ആ ഭാഷയുടെ ഭൗതിക ഗുണം മനസ്സിലാക്കി അതിനു പിന്നാലെ പോയപ്പോള്‍ പൗരോഹിത്യം ഓടിവന്ന് ഇംഗ്ലീഷ്/ പ്രഫഷണല്‍ സ്ഥാപനങ്ങള്‍ ഗവണ്‍മെന്റുകളെ സ്വാധീനിച്ച് നേടിയെടുക്കാന്‍ ആരംഭിച്ചു. അഥവാ ജനം തങ്ങളോടൊപ്പമുണ്ടെന്ന് കാണിച്ച് നേട്ടം കൊയ്യുന്ന കച്ചവട മനസ്ഥിതിയാണ് പൗരോഹിത്യത്തിന്റേതെന്നും അദ്ദേഹം വ്യക്തമാക്കി. തെരഞ്ഞെടുപ്പ് വേളയില്‍ ഇ.കെ വിഭാഗത്തെ മുടിപ്രശ്നത്തില്‍ ഇടപെടാന്‍ അനുവദിക്കാതെ വിഷയം തളര്‍ത്തിയ സാമുദായിക രാഷ്ട്രീയ പാര്‍ട്ടിയുടെ തന്ത്രം തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു.

പ്രമുഖ പണ്ഡിതന്‍ എം.വി മുഹമ്മദ് സലീം മൗലവി, ജ. ഇ കോഴിക്കോട് ജില്ലാ സമിതിയംഗം ഖാലിദ് മൂസാ നദ്‌വി എന്നിവര്‍ സംസാരിച്ചു. ടി. മുഹമ്മദ് വേളം സ്വാഗതവും കെ.വി അബ്ദുര്‍റസാഖ് നന്ദിയും പറഞ്ഞു. ■